# നമസ്ക്കാരം, നോമ്പ്, ഹജ്ജ് അംഗസ്നാനം – യാഥാർത്ഥ്യമെന്ത്?

ജാതി, മതം, വർഗ്ഗം, ദേശം, ഭാഷ എന്നിങ്ങനെസങ്കുചിതമായ അതിർവരമ്പുകൾക്കതീതമായി നിന്നുകൊണ്ട് തനിക്ക് ചുറ്റുമുള്ള ജനങ്ങളെ തന്നിലേക്കടുപ്പിച്ച് അവരെ ആത്മമിത്രങ്ങളാക്കി മാറ്റുന്ന ഉപകരണങ്ങളായി നിങ്ങൾ മാറേണ്ടതിന്ന്, നിങ്ങൾ, നിങ്ങളുടെ കർമ്മങ്ങളും, വീക്ഷണങ്ങളും ശുദ്ധിയാക്കി വെക്കുക എന്ന് ഖുർആനും, മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ, അതിന്റെ അർത്ഥവും, ആശയവും അട്ടിമറിച്ചുകൊണ്ട്, 'നിങ്ങൾ അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കാൻ വേണ്ടി (അഞ്ചുനേരവും) കയ്യും, മുഖവും കഴുകുക' എന്നാണ് സുന്നീ പണ്ഡിതന്മാർ വ്യാഖ്യാനിച്ചത് (5:6)

'നിങ്ങളിൽ (നിങ്ങൾ ഉൾക്കൊള്ളുന്ന വിശ്വാസികളുടെ സമൂഹത്തിലെ) മുതിർന്നവർക്കും, താഴെയുള്ളവർക്കും അർഹമായ പരിഗണനപരിപൂർണ്ണമായും (എല്ലാ സന്ദർഭങ്ങളിലും) നൽകുക എന്നതിനെ 'തലതടവുകയും, കാൽകഴുകുകയും ചെയ്യുക' എന്നും അവർ അർത്ഥം മാറ്റി അട്ടിമറിച്ചു. അങ്ങിനെയാണ് നബി തിരുമേനിയുടെ മരണം കഴിഞ്ഞു സുമാർ അമ്പതു വർഷം കഴിഞ്ഞപ്പോൾ സുന്നി പുരോഹിതന്മാരുടെ നേതാക്കളായ അബൂഹുറയ്റയും, മുആവിയയും 'അംഗസ്നാനം' (വുളു) എന്ന ആചാരത്തിന് ഇസ്ലാമിൽ തുടക്കമിട്ടത്. <u>ഇസ്ലാം ഒരു പ്രാർത്ഥനാ പ്രസ്ഥാനമല്ല. മുഹമ്മദ് നബി അറേബ്യയിൽ കൊണ്ടുവന്നത് ഒരു നമസ്ക്കാര പ്രസ്ഥാനവുമല്ല</u>. ജാതി, മതം, വർഗ്ഗം, ഗോത്രം, ഭാഷ, ദേശം എന്നിങ്ങനെയുള്ള സങ്കുചിതമായ അതിർവരമ്പുകൾക്കതീതമായി നിന്നുകൊണ്ട്, മാനവ രാശിയെ ഒരൊറ്റ കുടുംബം പോലെ കാണുക. അതിന്നു വേണ്ടി വിശ്വാസികളെ പ്രാപ്തരാക്കുക എന്നതാണ് ഖുർആൻ ലക്ഷ്യം വെക്കുന്നത്. ഒരാളും മറ്റൊരാളെ ചൂഷണം ചെയ്യാൻ പാടില്ല എന്നതാണ് അതിന്റെ ആത്യന്തികമായ പ്രമേയം തന്നെ. ദൈവവിശ്വാസികളുടെ ഒരു സമൂഹത്തിൽ മുതലാളി, തൊഴിലാളിയെയോ, തൊഴിലാളി മുതലാളിയെയോ, ഉള്ളവൻ ഇല്ലാത്തവനെയോ ചൂഷണം ചെയ്യാൻ പാടുള്ളതല്ല. ഓരോരുത്തരും അവരവരുടെ അവകാശങ്ങളും, ഉത്തരവാദിത്വങ്ങളും പരിമിതികളും പരസ്പരം മനസ്സിലാക്കി, സ്നേഹത്തോടെയും, സഹകരണത്തോടെയും തന്നിൽ അർപ്പിതമായ കടമകൾ നിർവ്വഹിച്ചുകൊണ്ട് - കർമ്മങ്ങൾ ചെയ്തുകൊണ്ട് ഈ ഭൂമിയിലെ ജീവിതം സ്വർഗ്ഗതുല്യമാക്കുക. 'ഭൂമിയിലെ മർദ്ദിതരോട് ഔദാര്യം കാണിക്കുവാനും, അവരെ ഈ ഭൂമിയുടെ അന്തരാവകാശികളാക്കാനും' അവർക്ക് സ്വർഗ്ഗീയമായ ജീവിതം പ്രദാനം ചെയ്യാനുമാണ്, ഓരോ വേദഗ്രന്ഥവും, ദൈവദൂതന്മാരും വന്നതെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. ലോകസമാധാനമുണ്ടാക്കാൻ - മനുഷ്യർക്കിടയിൽ ശത്രുതയില്ലാതാക്കാൻ അവശ്യം ആവശ്യമായ ഒരു മഹാസിദ്ധാന്തമാണ് ഖുർആനും. മുഹമ്മദ് നബിയും പഠിപ്പിക്കുന്നത്. നമ്മുടെ കരങ്ങൾ (കർമ്മങ്ങൾ) ശുദ്ധിയാക്കിവെക്കുക. നമ്മുടെ ചിന്തകളാണ് നമ്മുടെ കർമ്മങ്ങളായി മാറുന്നത്. നാം ഉൾക്കൊള്ളുന്ന സമൂഹത്തിലെ മുതിർന്നവർക്കും, തന്നെക്കാൾ താഴെയുള്ളവർക്കും, അർഹമായ പരിഗണനപരിപൂർണ്ണമായും നൽകുക. ചുരുക്കത്തിൽ നമ്മുടെ കർമ്മങ്ങളാണ് നമുക്കു ശത്രുക്കളെയും, മിത്രങ്ങളെയും നൽകുന്നത്. അതുകൊണ്ട് 'നാം നമ്മുടെ കരങ്ങൾ ശുദ്ധിയാക്കിവെക്കുക'.

## സ്വലാത്തിന്റെ സത്യം (നമസ്ക്കാരത്തിന്റെ യാഥാർഥ്യം)

എല്ലാവരുടെയും ദൈവം ഒന്നുമാത്രം. ദൈവം എന്ന ആ മഹാപ്രതിഭാസത്തിന്റെ പ്രതിനിധിയായി മനുഷ്യൻ. മനുഷ്യസമൂഹം ഒറ്റക്കെട്ടായി നിൽക്കണം. മാനവരാശി ഒരൊറ്റ ആത്മാവിൽ നിന്നുണ്ടായതാണ്. മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ സന്താനപരമ്പകൾ (2:62), (5:68), (2:213), (21:92), (39:6), (7:159), (23:52).(49:13), 7:157), (23:96), (16:90), ........ (5:2). ഈ വേദ തത്വം എപ്പോഴും ഓർത്തുകൊണ്ട് മാനവരാശിയുടെയും പ്രപഞ്ചത്തിന്റെയും നന്മക്കുവേണ്ടി ഓരോ വിശ്വാസിയും സ്വന്തം ശരീരവും, തനിക്കു ചുറ്റുമുള്ള സമൂഹവും, ആ സമൂഹത്തെ ആവാഹിച്ചു നിൽക്കുന്ന അല്ലാഹുവിന്റെ (ദൈവത്തിന്റെ) കാണുന്ന ഭാഗമായ പ്രകൃതിയും പരിശുദ്ധമായി നിലനിർത്തുക. അവിടെ കഷ്ടപ്പെടുന്ന മനുഷ്യരോ, ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയോ ഉണ്ടാവാൻ പാടില്ല. ഇതാണ് വിശുദ്ധ ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ ആകെത്തുക. ഇതാണ് ഖുർആൻ പഠിപ്പിക്കുന്ന തസ്ബീഹ്. ഇതാണ് ഖുർആനും, മുഹമ്മദ് നബിയും പഠിപ്പിക്കുന്ന സ്വലാത്ത്. ഇതിനെയാണ് - ദൈവിക നിയമങ്ങളെ നിരന്തരം പിൻതുടർന്ന് ജീവിക്കുക - അഥവാ ജീവിതത്തിൽ വേദഗ്രന്ഥം (സ്വലാത്ത്) നിലനിർത്തുക എന്നതിനെയാണ് - അബൂഹുറൈറയും, സുന്നികളും അഞ്ചുനേരം അറബിഭാഷയിൽ നബിയെ വിളിച്ചു പ്രാർത്ഥിക്കുക എന്ന സ്വലാത്താക്കി ( ആചാര നമസ്ക്കാരമാക്കി) മാറ്റി അട്ടിമറിച്ചത്.

ഗോത്രമഹിമയുടെയും, ഗോത്രദൈവങ്ങളുടെയും, പേരിൽ ഖുറൈശികൾ (അന്നത്തെ ബൂർഷ്വകൾ) ഭിന്നിപ്പിച്ചു നിർത്തിയിരുന്ന ഗോത്രങ്ങളെ, അറേബ്യയിലെ മുപ്പതോളം ഗോത്രങ്ങളെ, ഖുർആൻ എന്ന പൊൻചരട് കൊണ്ട് മുഹമ്മദ് നബി ഏകീകരിച്ചു. ഖുർആൻ എന്ന പുണ്യതീർത്ഥം കൊണ്ട് ആ ദൈവദൂതൻ അവരുടെ മനസ്സിലെ പൈശാചിക ചിന്തകളെ കഴുകിക്കളഞ്ഞ്, അവരിലെ ശത്രുത ഇല്ലാതാക്കി അറബികളെ ഒന്നിപ്പിച്ചതായി ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. അതായിരുന്നു നബിയുടെ ദൗത്യം (സ്വലാത്ത്).

## നോമ്പിന്റെ സത്യം

വിശുദ്ധ ഖുർആന്റെ (ഇസ്ലാമിന്റെയും മുഹമ്മദ് നബിയുടെയും) ഏറ്റവും വലിയ നേട്ടമായി ചരിത്രത്തിൽ നമുക്കു കാണാൻ കഴിയുന്നത് ഇസ്ലാം അറേബ്യയിലെ - ലോകത്തിലെ അന്ധകാരയുഗം (ജാഹിലിയ്യാ കാലഘട്ടം - **AD** 450-570) അവസാനിപ്പിച്ചു എന്നതാണ്. നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഗോത്ര യുദ്ധങ്ങളുടെയും രക്തചൊരിച്ചിലിന്റെയും പരിണിത ഫലമായി രാഷ്ട്രീയമായും, സാമൂഹികമായും, സാംസ്കാരികമായും തകർന്നുപോയ ഒരു നാടായിരുന്നു അറേബ്യ. പട്ടിണിയും, ലൈംഗീക അരാചകത്വവും, വാഗ്ദത്ത ലംഘനവും, മദ്യാസക്തിയും, കൊള്ളയും, കൊലപാതകങ്ങളും, കൊള്ളപലിശയും, അടിമക്കച്ചവടവും, ജനപ്പെരുപ്പവും ദാരിദ്ര്യവും, ഭയന്നുള്ള പെൺശിശുഹത്യയും, മറ്റു മനുഷ്യാവകാശലംഘനങ്ങൾ കൊണ്ടും പൊറുതി മുട്ടിയ ഒരു കാലഘട്ടത്തിലാണ് ഖുർആൻ എന്ന വേദഗ്രന്ഥവുമായി മുഹമ്മദ് എന്ന ദൈവദൂതൻ അറേബ്യയിലേക്ക് കടന്നു വരുന്നത്.

അന്ധവിശ്വാസങ്ങൾകൊണ്ടും, അനാചാരങ്ങൾകൊണ്ടും, അതിഭീകരമായ മനുഷ്യാവകാശ ലംഘനങ്ങൾകൊണ്ടും, 'നിങ്ങൾക്കെല്ലാം സുപരിചിതമായ ഒരു ചൂടു പിടിച്ച കാലഘട്ടത്തിലാണ്' (ശഹറു റംളാൻ) - 'കുപ്രസിദ്ധമായ ഒരു കൊടും വേനലിലാണ്' - (അന്ധകാര യുഗത്തിലാണ്) ഈ ഖുർആൻ അവതരിച്ചതെന്നും, അതിനാൽ അത്തരം അനാചാരങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കും, മനുഷ്യാവകാശ ലംഘനങ്ങൾക്കും, നിങ്ങളുടെ സമൂഹത്തിൽ നിങ്ങൾ സാക്ഷികളായാൽ, നിങ്ങൾ അതിനെതടഞ്ഞു നിർത്തണം- ഒരു വ്രതമെന്നോണം അത്തരം തിന്മകളെ തടഞ്ഞു നിർത്താൻ വേണ്ട പരിശീലനം, ഏതാനും ദിവസങ്ങളിൽ നിങ്ങൾ നേടണം എന്നു ഖുർആനും മുഹമ്മദു നബിയും പഠിപ്പിച്ചപ്പോൾ 'ഒരു മാസം പകൽ മുഴുവൻ വെള്ളവും ഭക്ഷണവും ശരീരത്തിനു കൊടുക്കാതെ തടഞ്ഞു നിർത്തണം' എന്നാണ് അബൂഹുറൈറ സുന്നികളെ ഹദീസിലൂടെ പഠിപ്പിച്ചത്. (ഇതെല്ലാം വിശദമായി 'നോമ്പിന്റെ സത്യം' എന്ന ഗ്രന്ഥത്തിൽ നാം വിശദമായി പഠിക്കുന്നുണ്ട്).

ചുരുക്കത്തിൽ കൊള്ളയും, കൊലപാതകങ്ങളും, കളവും, വാഗ്ദത്തലംഘനവും, ലൈംഗിക അരാജകത്വവും സാമ്പത്തിക ചൂഷണങ്ങളും, മറ്റു മനുഷ്യാവകാശലംഘനങ്ങളും സമൂഹത്തിൽ നിങ്ങൾ കാണുകയാണെങ്കിൽ നിങ്ങൾ അതിനെതടുത്തു നിർത്തണം, എന്നു ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ ഒരു മാസം പകൽ മുഴുവൻ വെള്ളവും ഭക്ഷണവും തടഞ്ഞു നിർത്തി പട്ടിണികിടക്കാനാണ് അബൂഹുറൈറ സുന്നി മുസ്ലിംകളെ പഠിപ്പിച്ചത്.

## ഹജ്ജിന്റെ സത്യം

പരിസരമലിനീകരണത്തിനെതിരെയും, വനനശീകരണത്തിനെതിരെയും, മണൽ മാഫിയക്കെതിരെയും, ശക്തമായി പ്രതികരിക്കുന്നവരും, അതിന്നുവേണ്ടി പോരാടുന്നവരും, അനീതിക്കും അക്രമത്തിനും, ചൂഷണത്തിനും ഇരയായ പാവങ്ങൾക്കും, നിസ്സഹായർക്കും വേണ്ടി പോരാടുന്നവരും, ജാതിമത വ്യത്യാസമില്ലാത്ത കാരുണ്യപ്രവർത്തകരുമാണ് യഥാർത്ഥ മുസ്ലിംകൾ. ഖുർആനിനെയും മുഹമ്മദ് നബിയെയും ധിക്കരിച്ചുകൊണ്ട് ദൈവനാമത്തിൽ അഞ്ചു നേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുകയും, അഞ്ചുനേരം ബാങ്ക് വിളിച്ചു സമൂഹത്തിൽ ഒച്ചപ്പാടുണ്ടാക്കുകയും, ചേലാകർമ്മം ചെയ്യുകയും, ഒരു മാസം പകൽ മുഴുവൻ പട്ടിണി കിടക്കുകയും, ബിംബാരാധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മക്കത്തുപോയി കല്ലു ചുംബിച്ചും, കല്ലെറിഞ്ഞും ഹജ്ജ് ചെയ്യലുമാണ് ഖുർആനിക ദൃഷ്ട്യാ എറ്റവും വലിയ പാപം (ശിർക്ക്). കാരണം ഖുർആനിക നിയമങ്ങളിൽ മാറ്റം വരുത്തലാണ് ഏറ്റവും വലിയ ശിർക്ക് (പാപം). ഒരു ദൈവവിശ്വാസിക്കു ചുറ്റും കഷ്ടപ്പെടുന്ന മനുഷ്യരോ, ചൂഷണം ചെയ്യപ്പെടുന്ന മനുഷ്യരോ, ചൂഷണം ചെയ്യപ്പെടുന്ന - മലിനമാക്കപ്പെടുന്ന പ്രകൃതിയോ - ഉണ്ടാവാൻ പാടില്ല. നാം നമ്മുടെ ആത്മാവിനെവലയം ചെയ്തിരിക്കുന്ന നമ്മുടെ ശരീരത്തെ എത്രമാത്രം ശ്രദ്ധാപൂർവ്വം പരിചരിക്കുന്നുവോ, അതുപോലെ അല്ലാഹു - ദൈവം - എന്ന നമ്മുടെ കണ്ണുകൊണ്ട് കാണാൻ പറ്റാത്ത ആ മഹാശക്തിയെ വലയം ചെയ്ത് നിൽക്കുന്ന - അല്ലാഹുവിന്റെ ചൈതന്യം നിറഞ്ഞു നിൽക്കുന്ന ഈ പ്രപഞ്ചമാകുന്ന - ആദ്യവും അവസാനവുമില്ലാത്ത ഈ പ്രകൃതിയാകുന്ന ശരീരം നാം വൃത്തിയായി സൂക്ഷിക്കുകയും പരിചരിക്കുകയും വേണം. ആകാശത്തും ഭൂമിയിലുമായി - ഈ പ്രകൃതിയിൽ - അല്ലാഹു ഒരുക്കി വെച്ചിട്ടുള്ള ഒരിക്കലും അവസാനിക്കാത്ത അനുഗ്രഹങ്ങൾ വിനയപൂർവ്വം ഉപയോഗിച്ചുകൊണ്ട് സുഖവും, സംതൃപ്തിയും നിറഞ്ഞ ഒരു ജീവിതം നയിക്കുക-അതുപോല സുഖമായും സംതൃപ്തിയോടെയും ജീവിക്കാൻ തന്റെ സഹജീവികളെയും സഹായിക്കുക. ആരും ആരെയും ചൂഷണം ചെയ്യരുത്. അങ്ങിനെസംഘടിച്ചു നിന്നുകൊണ്ട് ഈ ലോകവും വരാൻ പോകുന്ന ലോകവും സ്വർഗ്ഗമാക്കുക. ഇതാണ് ഖുർആനും മുഹമ്മദ് നബിയും മാനവരാശിക്കു നൽകുന്ന സന്ദേശം. ഈ ഖുർആനിക സിദ്ധാന്തം എപ്പോഴും പ്രചരിപ്പിച്ചു കൊണ്ടിരിക്കുക. ഈ ഖുർആനിനുവേണ്ടി ന്യായവാദങ്ങളും, വെല്ലുവിളികളും, ചർച്ചകളും നടത്തുക. ആക്രമിക്കപ്പെടുന്ന - ചൂഷണം ചെയ്യപ്പെടുന്ന വ്യക്തികളെയോ, പ്രകൃതിയെയോ കണ്ടാൽ, അവർക്കുവേണ്ടി വാദിക്കുക, അതിനു വേണ്ട ഉപരോധങ്ങളും, നിയമ യുദ്ധങ്ങളും ധർമ്മസമരങ്ങളും, വേണ്ടി വന്നാൽ യുദ്ധം വരെ (ഹജ്ജുൽ അക്ബർ) നടത്തുക. മനുഷ്യാവകാശങ്ങൾ നിലനിർത്താൻ ഖുർആൻകൊണ്ട് മാന്യമായ രീതിയിൽ ന്യായവാദം നടത്താനും തർക്കിക്കാനും, വെല്ലുവിളികൾ നടത്താനും ഉപരോധങ്ങളും പ്രതിരോധങ്ങളും ധർമ്മയുദ്ധങ്ങളും നടത്താനും, വേണ്ടി വന്നാൽ യുദ്ധം തന്നെ ചെയ്യാനുമുള്ള ഖുർആനിന്റെയും മുഹമ്മദു നബിയുടെയും ആഹ്വാനമാണ്, 'അടിവസ്ത്രം ധരിക്കാതെ, മുറിമുണ്ടുടുത്ത് കല്ലെറിയലും, കല്ലു ചുംബനവുമൊക്കെയായി മുസ്ലിംകൾ ആഘോഷിക്കുന്ന' 'ഹജ്ജാ'യി മാറിയത്. 'അറഫ'യിൽ ഒത്തുകൂടേണ്ടത് ഖുർആൻ പ്രഭാഷണം നടത്താനും, ഇസ്ലാമിക ലോകത്തെ പ്രശ്നങ്ങൾ (മാനവരാശിയുടെ പ്രശ്നങ്ങൾ) ചർച്ച ചെയ്യാനും പരിഹരിക്കാനുമാണ്. അല്ലാതെ അറബികളുടെ ജാഹിലി ആചാരങ്ങൾക്കു ഓശാനപാടാനല്ല, ഇതു

വിശദമായി 'ഖുർആനിലെ ഹജ്ജ്" എന്ന ഗ്രന്ഥത്തിൽ നാം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

നബിയുടെ മരണം കഴിഞ്ഞ് സുമാർ അമ്പത് വർഷം കഴിഞ്ഞപ്പോൾ ഖലീഫാ ഉമറും ഇമാം അലിയും തങ്ങളെ ആക്രമിച്ച - പേർഷ്യ - റോമൻ സാമ്രാജ്യങ്ങൾ കീഴടക്കിയപ്പോൾ - നബിവിരോധികളായിരുന്ന ഖുറൈശികൾ ഇസ്ലാമിന്റെ അധികാര സ്ഥാനങ്ങളിൽ പിന്നീട് തന്ത്രപൂർവ്വം പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ, അതേ നബിയെ ദൈവതുല്യനായ ഒരു പുണ്യാളനാക്കുകയും ആ നബിയുടെ പേരിൽ അറബിഭാഷയിൽ ഒരു പ്രാർത്ഥനയുണ്ടാക്കുകയും, ആ അറബി പ്രാർത്ഥനക്കും, അറബിഭാഷക്കും അമിതപ്രാധാന്യം നൽകുകയും, ആ പ്രാർത്ഥനക്ക് അവർ സ്വലാത്ത് എന്നു പേര് നൽകുകയും, ആ പ്രാർത്ഥനയിലൂടെ നബി ഒന്നിപ്പിച്ച അറേബ്യൻ മുസ്ലിംകളെ അവർ ഭിന്നിപ്പിക്കുകും ചെയ്തു. അങ്ങനെഒരു ഒസ്യത്തെന്നോണം, അറബികളോടും, ലോകജനതയോടും നബി പഠിക്കാനും, പ്രചരിപ്പിക്കാനും, നില നിർത്താനും പറഞ്ഞ ഖുർആൻ എന്ന സ്വലാത്ത്, സുന്നികളുടെ അഞ്ചുനേരത്തെ അറബിഭാഷയിൽ പ്രാർത്ഥിക്കുക എന്ന സ്വലാത്തായി മാറി. അങ്ങനെഇസ്ലാമിൽ ആദ്യമായി സുന്നി-ശിയാ പിളർപ്പുണ്ടായി. സിറിയൻ ഗവർണ്ണറായിരുന്ന മുആവിയയുടെ ദുർഭരണത്തെ ഖുർആൻ കൊണ്ടു തിരുത്തിയ ഇമാം അലിക്കു തന്റെ ഖലീഫാ സ്ഥാനം നഷ്ടപ്പെട്ടു. മദീനയിൽ പിടിച്ചു നിൽക്കാൻ പറ്റാതായപ്പോൾ ഇമാം അലി പേർഷ്യൻ പ്രവിശ്യയിലെ (ഇറാഖിലെ) ഖുഫയിലേക്കു പിൻമാറി). പിന്നീട് ഖുർആൻ കൊണ്ടു പോരാടിയ ഇമാം അലി തന്റെ നിസ്വാർത്ഥരും, അർപ്പണാബോധവുമുള്ള ഒരു കൂട്ടം അനുചരൻമാരുടെ സഹായത്തോടെ ഇറാഖിലെ ഖൂഫയിൽ ഒരു ഇസ്ലാമിക ഭരണം (ഖുർആനിക ഭരണം) നടപ്പിലാക്കി. മുആവിയയുടെ നിരന്തരമായ പ്രതിരോധങ്ങളുടെയും അക്രമങ്ങളുടെയും ഫലമായി ആ ഇസ്ലാമിക (ഖുർആനിക) ഭരണവും അവസാനിച്ചു. ഒടുവിൽ ഇമാം അലിയും മകൻ ഇമാം ഹുസൈനുമൊക്കെ വധിക്കപ്പെട്ടു. എങ്കിലും ഇമാം അലിയുടെ നിഷ്ക്കളങ്കരായ ചില അനുചരൻമാരുടെ സഹായത്തോടെ അബ്ബാസികൾ മുആവിയയുടെ ഖുർആൻ വിരുദ്ധ സുന്നി ഭരണത്തെ 92 വർഷങ്ങൾക്കുശേഷം മറിച്ചിട്ടു. അങ്ങനെഅബ്ബാസികൾ ഭരണത്തിൽ വന്നു. പക്ഷെ ഇമാം അലി മുറുകെ പിടിച്ച ഖുർആനും അബ്ബാസികൾക്കു ദഹിക്കുന്നതായിരുന്നില്ല. പാവപ്പെട്ടവനേയും പണക്കാരനേയും ഒരൊറ്റ കണ്ണുകൊണ്ട് മാത്രം കാണുന്ന-<u>എല്ലാവർക്കും നീതി, എല്ലാവർക്കും നന്മ</u> എന്ന ഖുർആനിക സിദ്ധാന്തം ആ ബൂർഷ്വകൾക്കും ദഹിക്കുന്നതായിരുന്നില്ല. മുഹമ്മദുനബിയെ മുആവിയ ദൈവമാക്കിയതുപോലെ ഇമാം അലിയെ ദൈവമാക്കിക്കൊണ്ടും ഇമാം അലിയുടെയും, ഇമാം ഹുസൈന്റെയും പേരിൽ അബ്ബാസിരാജാക്കാന്മാർ അവരിലെ പുരോഹിതന്മാരുടെ ഒത്താശയോടെ ഒരു മതമുണ്ടാക്കി. അതാണ് ഇന്ന് കാണുന്ന മായം ചേർന്ന 'ശിയാ മതം'. പഴയ പേർഷ്യൻ പ്രവിശ്യയിൽ മാത്രം (ഇറാൻ ഇറാഖ്, ബഹറൈൻ തുടങ്ങിയ നടുകളിൽ) ശിയാക്കൾ അഭിവൃദ്ധിപ്പെടാൻ കാരണവും ഇതുതന്നെ. നബിയുടെ പേരിൽ ഖുർആൻ വിരുദ്ധമായ കള്ള ഹദീസുകളുണ്ടാക്കി (അഹ്ലുസ്സുന്നത്തുവൽജമാഅത്ത് എന്ന സുന്നിമതമുണ്ടാക്കി) തങ്ങളുടെ അറേബ്യൻ ചിന്താഗതികളും, ആചാരങ്ങളും താൽപ്പര്യങ്ങളും തന്ത്രപൂർവ്വം നടപ്പിലാക്കിയ സുന്നികളെപ്പോലെ, ഇമാം അലിയുടെയും മക്കളുടെയും പേരിൽ ഒരു ആചാരമതമുണ്ടാക്കി (ഖുർആനും അഹ്ലുൽബൈത്തും എന്ന ശിയാ മതമുണ്ടാക്കി) പേർഷ്യക്കാരും തങ്ങളുടെ പഴയ ചിന്താഗതികളും, ആചാരങ്ങളും, താൽപ്പര്യങ്ങളും നിലനിർത്തി...!! ഖുർആൻ പാരായണം ചെയ്യാൻ മാത്രമുള്ള ഒരു 'ദിവ്യഗ്രന്ഥ'മായി മാറി.

ഖുർആനിനു പകരം ഹദീസുകൾ(നബി വചനം) എന്ന പേരിൽ പ്രമാണ ഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കിയാണ് അവർ അവരുടെ ഖുർആൻ വിരുദ്ധ ആശയങ്ങൾക്കും, ചിന്താഗതികൾക്കും, പ്രചാരണത്തിനും തുടക്കമിട്ടത്. ഗോത്രം, ദേശം, ഭാഷ, ഗോത്രദൈവങ്ങൾ എന്നീ മതിൽക്കെട്ടുകൾക്കിടയിൽ കിടന്നു പരസ്പം കലഹിക്കുകയും, വീർപ്പുമുട്ടുകയും ചെയ്ത ഒരു ജനതയെ (അറബികളെ) ഖുർആൻ കൊണ്ട് മുഹമ്മദ് എന്ന ദൈവദൂതൻ ഏകീകരിച്ചപ്പോൾ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ഖുറൈശികളുടെ ബുർഷ്വാ തന്ത്രം പരാജയപ്പെട്ടു. അതായിരുന്നു മദീനആസ്ഥാനമായി നബിയും ഖലീഫാ ഉമറും ഇമാം അലിയുമൊക്കെ നടപ്പിലാക്കിയ ഇസ്ലാമിക (ഖുർആനിക) ഭരണം (AD 622 - 661).

പിന്നീട് അവർ (ഖുറൈശികൾ) കപട വിശ്വാസികളായി നബിയുടെ കൂടെ കൂടുകയും, ക്രമേണ ഇസ്ലാമിക ഭരണം കയ്യിലാക്കുകയും ചെയ്തു. അതാണ് മുആവിയ സ്ഥാപിച്ച അമവി ഭരണം. സുന്നികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു ഭരണമാണ് മുആവിയ തന്ത്രപൂർവ്വം നടപ്പിലാക്കിയത്. അതിലൂടെ ഖുർആനും മുഹമ്മദ് നബിയും എതിർത്ത എല്ലാ അറേബ്യൻ ജാഹിലീ ആചാരങ്ങളും ചിന്താഗതികളും നടപടിക്രമങ്ങളും നബിയുടെ സുന്നത്തുകൾ എന്ന പേരിൽ അവർ നടപ്പിലാക്കി. (അഹ്ലുസ്സുന്നത്തു വൽജമാഅത്ത്) . (അമവീ ഭരണം AD 662 - 750).

## മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
## അറബികൾ 'അഹ്ലുസ്സുന്നത്തു വൽ ജമാഅത്ത്' എന്ന മതവും സൃഷ്ടിച്ചു

അമവികൾക്ക് വേണ്ടി (അറബികൾക്ക് വേണ്ടി) അമവികളാൽ (അറബികളാൽ) തിരഞ്ഞെടുക്കപ്പെട്ട അമവികളുടെ (അറബികളുടെ) ഭരണം എന്ന ഖുർആൻ വിരുദ്ധ സിദ്ധാന്തം അനുസരിച്ച് ഭരിച്ച അമവീ ഭരണകൂടത്തെ 92 വർഷങ്ങൾക്കു ശേഷം ഇമാം അലിയുടെ അനുയായികളായ ശിയാക്കളുടെ സഹായത്തോടെ അബ്ബാസികൾ മറിച്ചിട്ടു എന്ന ചരിത്രസത്യംനാം കണ്ടുവല്ലോ. അങ്ങനെഇറാഖിലെ ബാഗ്ദാദ് ആസ്ഥാനമായി അബ്ബാസിയ ഭരണകൂടം നിലവിൽ വന്നു (AD 750 - 1258). അവർ ഇമാം അലിയുടെ പേരിൽ ഒരു മതമുണ്ടാക്കി (അഹ്ലുൽ ബെയ്ത്ത് എന്ന ശിയാ മതമുണ്ടാക്കി) മുസ്ലിംകളെ സുന്നികൾ - ശിയാക്കൾ എന്നിങ്ങനെനെടുപൊളിച്ചു. ഗോത്രങ്ങളുടെ പേരിലും സങ്കുചിതമായ ഗോത്രദൈവങ്ങളുടെ പേരിലും ഭിന്നിച്ചിരുന്ന അറബികളെ മുഹമ്മദ്നബി ഖുർആൻകൊണ്ട് ഒന്നിപ്പിച്ചപ്പോൾ അബ്ബാസികൾ കണ്ടെത്തിയ പുതിയ തന്ത്രമായിരുന്നു ആചാരമതങ്ങളുണ്ടാക്കി ആ മതങ്ങളുടെ പേരിൽ അറേബ്യൻ സമൂഹത്തെ (ലോക സമൂഹത്തെ) ഭിന്നിപ്പിച്ചു നിർത്തുക എന്നത്. അങ്ങനെമുആവിയ ഉണ്ടാക്കിയ സുന്നീമത

ത്തെയും പിന്നീടുണ്ടായ ശിയാമതത്തെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ബൂർഷ്വാ തന്ത്രം അവർ വീണ്ടും നടപ്പിലാക്കി. തങ്ങളുടെ ദുർഭരണത്തിൽ നിന്ന് സാധാരണക്കാരുടെ ശ്രദ്ധ തിരി ച്ചുവിടാൻ അബാസി രാജാക്കന്മാർ കണ്ടുപിടിച്ച ഒരു മഹാ തന്ത്രമായിരുന്നു മനുഷ്യനിർമ്മിതമായ ആചാര മതങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നത്. നബി ഖുർആൻ കൊണ്ട് ഒന്നിച്ചു നിർത്തിയിരുന്ന അറബികളെ (മുസ്ലീംകളെ) സുന്നികൾ ശിയാക്കൾ എന്നി ങ്ങനെരണ്ടു വിഭാഗമാക്കി തിരിച്ചതിലൂടെ അവർ അവരുടെ ലക്ഷ്യം നേടി. ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പി ക്കാത്ത ആരാധനകളുടെ പേരിൽ - ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള (ചടങ്ങു പ്രാർത്ഥനകളുടെ പേരിൽ) മുസ്ലീം കൾക്കിടയിൽ ഭിന്നിപ്പുണ്ടാവാൻ തുടങ്ങി. ഖുർആൻ വിരുദ്ധമായ എല്ലാ മദ്ഹബുകളും (ചിന്താസരണികൾ-ഷാഫി, ഹനഫി, ഹമ്പലി, മാലിക്കി എന്നിങ്ങനെയുള്ള മദ്ഹബുകൾ ഉണ്ടാകുന്നത് അബാസിയ കാലഘട്ടത്തിലാണ്) ഖുർ ആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത 'അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുക' എന്ന സുന്നീസ്വലാ ത്തിനെചുറ്റിപ്പറ്റിയാണ് ശാഖാപരമായ ഭിന്നിപ്പുകൾ എന്ന പേരിൽ മുസ്ലിംകളെ അമവി - അബാസി രാജാക്കൻമാരും അവരുടെ പുരോഹിതൻമാരും വിഘടിപ്പിച്ചതും നൂറുകണക്കിനു ഗ്രൂപ്പുകൾ ഉണ്ടാക്കിയതുമെന്ന ചരിത്ര സത്യം നാം മനസ്സിലാക്കണം) ഈസാ നബിയെ (യേശുക്രിസ്തുവിനെ) തോൽപ്പിച്ചുകൊണ്ട് വിശുദ്ധ പൗലോസും ബൈസാന്റി യൻ ചക്രവർത്തിമാരും ക്രിസ്ത്യാനികളുടെ കയ്യിൽ നൽകിയ 'കുരിശു'പോലെയുള്ള ഒരു കുരിശാണ് അമവി അബാസി രാജാക്കന്മാർ സുന്നികളുടെയും ശിയാക്കളുടെയും കയ്യിൽ അവരറിയാതെ പിടിപ്പിച്ച 'അഞ്ചുനേര നമ സ്ക്കാരം'എന്ന 'ഏടാകൂടം'!

അടിസ്ഥാനരഹിതവും, അബദ്ധജഡിലവും ഖുർആൻ വിരുദ്ധവുമായ ചടങ്ങു പ്രാർത്ഥനകളും അനാചാര ങ്ങളും വളർത്തിയെടുത്തുകൊണ്ട്, അതുമാത്രമാണ് ശരി എന്നു പാമരൻമാരെ പറഞ്ഞു പറ്റിച്ചുകൊണ്ടാണ് ലോകത്ത് എല്ലാ മതവിഭാഗങ്ങളും, അവരുടെ മതങ്ങളും മതഗ്രൂപ്പുകളും ഉണ്ടാക്കിയത്. ആ അനാചാരങ്ങളിലൂടെയും, ചടങ്ങു പ്രാർത്ഥനകളിലൂടെയും, മറ്റു മതക്കാരിൽ നിന്നും, അകന്നു നിൽക്കാനും അവരോട് അനാരോഗ്യകരമായ ഒരു മാത്സര്യബുദ്ധി പ്രകടിപ്പിക്കാനും പുരോഹിതന്മാർ എക്കാലത്തും ശ്രമിപ്പിച്ചിട്ടുണ്ട്. ഇന്നും ശ്രമിക്കുന്നുണ്ട്. അതുകൊ ണ്ടാണ് അല്ലാഹുവിനോടുള്ള പ്രാർത്ഥനരഹസ്യമാക്കാൻ പ്രകൃതി മതമായ ഇസ്ലാം കൽപ്പിക്കുന്നത്.

ഏതു മതക്കാരനായാലും, വിശ്വാസികൾ രഹസ്യമായും ആത്മാർത്ഥതയോടു കൂടിയും പ്രാർത്ഥിക്കണമെന്ന ഖുർആനിന്റെയും മുഹമ്മദു നബിയുടെയും ശക്തിയായ നിർദ്ദേശം കാറ്റിൽ പറത്തികൊണ്ടാണ് (7:55) (7:205) അബൂ ഹുറൈറയും മുആവിയയും (പിന്നീട് അമവി-അബ്ബാസി രാജാക്കൻമാരും) പരസ്യമായ കൂട്ടുപ്രാർത്ഥനകളും, സ്വലാത്തും നബി തിരുമേനി കേട്ടിട്ടുപോലുമില്ലാത്ത, ഖുർആൻ വിരുദ്ധമായ ബാങ്കു വിളിയുമൊക്കെയായി ഒരു അറേ ബ്യൻ ആചാരമതമുണ്ടാക്കിയത്. സുന്നി - മുജാഹിദ് - ജമാഅത്ത് - തബ്ലീഗ് എന്നിങ്ങനെഖുർആൻ വിരുദ്ധമായ ഹദീസുകളുടെ പിൻബലത്തിൽ മാത്രം വിഘടിച്ചുണ്ടായ, എല്ലാ ഗ്രൂപ്പുകളുടെയും, ഗ്രൂപ്പു വഴക്കുകളുടെയും അടി സ്ഥാനകാരണം ഖുർആൻ വിരുദ്ധമായ ഹദീസുകളും, ആഹദീസുകളുടെ അടിസ്ഥാനത്തിലുള്ള നമസ്ക്കാരവും മറ്റു ആരാധനകളുമാണെന്ന് കാണാം. ഈ സത്യം മനസ്സിലാക്കി സുന്നി - മുജാഹിദ് - ജമാഅത്ത് മൗലവിമാർ പരസ്പരം തർക്കിക്കുന്നതിൽ നിന്നും, പോരടിക്കുന്നതിൽ നിന്നും, തെറിയഭിഷേകം നടത്തുന്നതിൽ നിന്നും മാറി നിൽക്കണം എന്നും ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

ഖുർആനോ, മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അഞ്ചുനേരം അറബിഭാഷയിൽ, നബിയേയും, അല്ലാഹുവി നേയും വിളിച്ചു പ്രാർത്ഥിക്കുക എന്ന നമസ്ക്കാരത്തിന്റെ (സുന്നി സ്വലാത്തിന്റെ) പ്രാരംഭമായി സുന്നി-മുജാഹിദ്-ജമാ അത്ത് മൗലവിമാർ വളരെ ശക്തിയായി പള്ളി മദ്രസകളിൽ പഠിപ്പിച്ചു വരുന്ന വുളു (അംഗസ്നാനം) എന്ന അനാചാര ത്തിന് ഖുർആനികമായി യാതൊരു അടിത്തറ യുമില്ലെന്ന് സ്ഥാപിക്കുകയാണ് വുളുവിന്റെ സത്യം എന്ന ഗ്രന്ഥത്തിൽ ഞങ്ങൾ ചെയ്യുന്നത്. സുന്നി - മുജാഹിദ് - ജമാഅത്ത് - തബ്ലീഗ് തുടങ്ങിയ മുസ്ലിം സംഘടനകളുടെ മാതൃസംഘടന യായ അഹ്ലുസ്സുന്നത്ത് വൽജമാഅത്ത് എന്ന ആധുനിക ഇസ്ലാം മതത്തിന്റെ മുഖമുദ്രയായ അഞ്ചുനേരത്തെ നമ സ്ക്കാരം, അഞ്ചുനേരത്തെ ബാങ്കുവിളി, റംസാനിലെ (ഒരു മാസത്തെ) പകൽ പട്ടിണി, കല്ലേറും, കല്ലുചുംബനവുമൊ ക്കെയുള്ള ഹജ്ജ് തീർത്ഥാടനം എന്നിവക്ക് ഖുർആനോ, മുഹമ്മദ് നബിയുമായോ, യാതൊരു ബന്ധവുമില്ലെന്നും, അതിൽ നൂറുകണക്കിന് അബദ്ധങ്ങളുണ്ടെന്നും ചേകന്നൂർ മൗലവി സമർത്ഥിച്ചിട്ട് വർഷം അമ്പതു കഴിഞ്ഞു. ചേക ന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങളിൽ നിന്ന് ഊർജ്ജമുൾക്കൊണ്ട് മുന്നോട്ടു പോയ ഞങ്ങൾക്ക് ഒരുപാട് പുതിയ കണ്ടെ ത്തലുകൾ പറയാനുണ്ട്. അതൊക്കെ സാന്ദർഭികമായി നിങ്ങളെ അറിയിക്കുന്നതായിരിക്കും. ചേകന്നൂർ മൗലവിക്കും, ചേകന്നൂർ മൗലവി സ്ഥാപിച്ച ഖുർആൻ സുന്നത്ത് സൊസൈറ്റിക്കും നിങ്ങൾ എല്ലാവിധ സഹായസഹകരണങ്ങളും, പിന്തുണയും നൽകണമെന്ന് വിനീതമായി ഞങ്ങൾ അഭ്യർത്ഥിക്കുന്നു.


ഖുർആൻ പരിഭാഷക്ക് കടപ്പാട്
അബൂയാസിൻ
മൂതൂർ അബൂബക്കർ മൗലവി
അബൂനിദാൽ



ഡോ: എം. അബ്ദുൽ ജലീൽ
(വൈസ് പ്രസിഡണ്ട്
ഖുർആൻസുന്നത്ത് സൊസൈറ്റി
കേരള, ഇന്ത്യ 00919048718329
00919946393555
www.khur-aansunnathsociety.com


## ഖുർആൻ പഠിക്കുക... ഖുർആനിലേക്ക് മടങ്ങുക

### ഖുർആൻ സുന്നത്ത് സൊസൈറ്റി